(ബി) 18-12-2014-ലെ 55767/ആർ.ഡി3/14/തസ്വഭവ നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) കുട്ടിയുടെ പേര് തിരുത്തുന്നതിനായി ശ്രീമതി സോമലത ടി.വി, ലതാഹൗസ്, കരിവെള്ളൂർ എന്നയാൾ പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ഡി&ഇ) ബാധകമല്ല.

സമ്പൂർണ്ണ ശുചിത്വ ഫണ്ട്

234 (3441) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ ഫണ്ട്, പഞ്ചായത്ത് തലത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൃത്യമായി വിനിയോഗിക്കാൻ പുതിയ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത തസ്തിക നിലവിലുണ്ടായിരുന്ന 5 പഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയ സാഹചര്യത്തിൽ മറ്റു പഞ്ചായത്തുകളിലും തസ്തിക സൃഷ്ടിക്കുവാൻ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) നഗരകാര്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നത് മാത്രമായുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

പരിരക്ഷ പദ്ധതി

235 (3442) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വളളിക്കുന്ന് നിയോജക മണ്ഡലത്തിൽ മൂന്നിയൂർ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന കിടപ്പിലായ രോഗികളെ വീട്ടിലെത്തി പരിചരിക്കുന്ന 'പരിരക്ഷ' പദ്ധതി സംസ്ഥാനത്തിന് തന്നെ മാതൃകയായ പദ്ധതിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly